# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

***സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ***

***(ഹാജർ: ശ്രീമതി അനുപമ ടി.വി., ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)***

**വിഷയം:-** വനിതാ ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - കാസർഗോഡ് സ്വദേശി അഹമ്മദ് നിസാം എന്ന കുട്ടിക്ക് ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

**പരാമർശം:-** 1) കാസർഗോഡ് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ:ഡി.സി.പി.യു/കെ.എസ്.ഡി/506/2021 തീയതി 03/05/2021.

==========================================================================

***ഉത്തരവ് നമ്പർ:* ICPS-4(A)/1597/2021 *തീയതി: 18.06.2021***

==========================================================================

കാസർഗോഡ് ജില്ലയിൽ ബെണ്ടിച്ചാൽ, ചെമ്മനാട് പഞ്ചായത്തിൽ നുസ്റത്ത് മൻസിലിൽ ശ്രീ.മുഹമ്മദലി ന്റെയും ശ്രീമതി.നുസ്റത്ത് എന്നീ ദമ്പതികളുടെ മകനായ അഹമ്മദ് നിസാം എന്ന കുട്ടിക്ക് വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേൽക്കുകയും തുടർന്ന് വിദഗ്ദ ചികിത്സയ്ക്കായി മംഗലാപുരത്തെ യുണിറ്റി ഹോസ്പിറ്റലിൽ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയമാക്കുകയും, എന്നാൽ ആശുപത്രി ചിലവുകൾ താങ്ങാൻ സാധിക്കാത്ത സാഹചര്യമായതിനാൽ താരതമ്യേന ചിലവ് കുറഞ്ഞ മറ്റൊരു ആശുപത്രിയിലേക്ക് കുട്ടിയെ മാറ്റുകയും,നാളിതുവരെ കുട്ടി ആശുപത്രി ചികിത്സ തുടർന്ന് വരുകയുമാണ് എന്നും,കുട്ടിയുടെ നില മെച്ചപ്പെടുന്ന മുറയ്ക്ക് ഇനിയും ശസ്ത്രക്രിയ വേണ്ടി വരുമെന്നും,എന്നാൽ കുടുംബത്തിന് നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും, നിലവിൽ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശം ആണ് എന്നും കുട്ടിയുടെ ചികിത്സ പള്ളി കമ്മിറ്റി മുഖേനയും,നാട്ടുകാരുടെ സഹായതിലുമാണ് മുന്നോട്ട് പോകുന്നത് എന്നും, കുട്ടിയുടെ ചികിത്സയ്ക്കായി ഇതുവരെയായി ഏകദേശം 8 ലക്ഷത്തോളം രൂപ ചിലവായതായും ആയതിനാൽ ,കുട്ടിയുടെ ഓപ്പറേഷനും, മരുന്നിനും, തുടർ ചികിൽസയ്ക്കും കൂടി ചേർത്ത് ആകെ 2,00,000/- രൂപ അനുവദിച്ച് നൽകണമെന്ന് കാസർഗോഡ് ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കാസർഗോഡ് ജില്ലയിൽ ബെണ്ടിച്ചാൽ, ചെമ്മനാട് പഞ്ചായത്തിൽ നുസ്റത്ത് മൻസിലിൽ ശ്രീ.മുഹമ്മദലി ന്റെയും ശ്രീമതി.നുസ്റത്ത് എന്നീ ദമ്പതികളുടെ മകനായ അഹമ്മദ് നിസാമിന്റെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ചികിത്സാ ധനസഹായമായി നിലവിൽ ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ ആകെ 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) ജെ.ജെ.ആക്റ്റിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ടി തുകയായ 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) കാസർഗോഡ് വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിന്റെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി കാസർഗോഡ് ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

*വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ &*
*മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)*

**ജില്ലാ വനിത *ശിശു* വികസന ഓഫീസർ,**
**കാസർഗോഡ്**

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT

പകർപ്പ്

1. ജില്ല ശിശു സംരക്ഷണ ഓഫീസർ, കാസർഗോഡ്
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം മാനേജർ